(ഡി) സർവ്വീസ് നടത്തുന്നതിന് വനം വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ ;

(ഇ) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് ടോൾ ഈടാക്കുന്നുണ്ടോ ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) 459 ബസ് ഉപയോഗിച്ച് 947 റൗണ്ട് ട്രിപ്പുകൾ നടത്തിയിട്ടുണ്ട്.

(സി) 17 ബസ് ഉപയോഗിച്ച് 17 റൗണ്ട് ട്രിപ്പുകൾ നടത്തിയിട്ടുണ്ട്. പുറമെ വണ്ടിപ്പെരിയാർ മുതൽ കോഴിക്കാനംവരെ ആവശ്യാനുസരണം സർവ്വീസും നടത്തുകയുണ്ടായിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇല്ല.

കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയെ ബസ് ഡിപ്പോ ആക്കുന്നതിന് നടപടി

172 (622) ശ്രീ. ടി. യു കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയെ സബ് ഡിപ്പോ ആക്കി ഉയർത്തി എ.റ്റി.ഒ.യെ നിയമിക്കുന്നതിനുള്ള ഉത്തരവ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എ.റ്റി.ഒ.-യെ എന്നത്തേക്ക് നിയമിക്കും എന്ന് വ്യക്തമാക്കുമോ ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(സി) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പഴയ ബസ്സുകൾക്ക് പകരം പുതിയ ബസ് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 4-2-2011-ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ആഫീസറെ നിയമിച്ചിട്ടുണ്ട്.

(സി) ബസ്സുകൾ സ്ക്രാപ്പുചെയ്യുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly